**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1867** | **08-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകൾ ഉണ്ടെന്നും അവിടെ എത്ര കായികതാരങ്ങൾ ഉണ്ടെന്നും പ്രസ്തുത കായികതാരങ്ങളുടെ ഭക്ഷണ അലവൻസ് ഏത് മാസം വരെ വിതരണം ചെയ്തിട്ടുണ്ടെന്നും ഈ കായികതാരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | **സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ടി അക്കാഡമികളിലായി 1050 കായിക താരങ്ങൾ പരിശീലനം നേടി വരുന്നു.**<br><br>**കൂടാതെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അല്ലാതെ എയ്ഡഡ്/സ്വകാര്യ മേഖലയിൽ 51 കോളേജ് സ്പോർട്സ് അക്കാഡമികളും 23 സ്കൂൾ സ്പോർട്സ് അക്കാഡമികളും പ്രവർത്തിച്ചു വരുന്നുണ്ട്. ടി അക്കാഡമികളിലായി 840 കായിക താരങ്ങൾ പരിശീലനം നേടി വരുന്നുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് & ലോഡ്ജിംഗ് ഇനത്തിൽ ഡിസംബർ മാസം വരെയുള്ള തുക അനുവദിക്കുന്നതിന് 16.01.2023ലെ സ.ഉ(സാധാ)നം.33/2023/കാ.യു.വ നമ്പർ ഉത്തരവ് പ്രകാരം തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കായികതാരങ്ങൾക്ക് ഭക്ഷണ അലവൻസ് 2022 സെപ്തംബർ മാസം വരെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത അക്കാഡമികളിലെ കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ നിലവിൽ വിതരണം ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അല്ലാതെ എയിഡഡ്/ സ്വകാര്യ മേഖലയിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകൾ ഉണ്ടെന്നും അവിടെ എത്ര കായികതാരങ്ങൾ ഉണ്ടെന്നും പ്രസ്തുത കായികതാരങ്ങളുടെ ഭക്ഷണ അലവൻസ് ഏത് മാസംവരെ വിതരണം ചെയ്തിട്ടുണ്ടെന്നും ഈ കായികതാരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ | (ബി) | **സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ടി അക്കാഡമികളിലായി 1050 കായിക താരങ്ങൾ പരിശീലനം നേടി വരുന്നു.**<br><br>**കൂടാതെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അല്ലാതെ എയ്ഡഡ്/സ്വകാര്യ മേഖലയിൽ** |

| | | | |
|---|---|---|---|
| | വിതരണം ചെയ്തിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | | **51 കോളേജ് സ്പോർട്സ് അക്കാഡമികളും 23 സ്കൂൾ സ്പോർട്സ് അക്കാഡമികളും പ്രവർത്തിച്ച് വരുന്നുണ്ട്. ടി അക്കാഡമികളിലായി 840 കായിക താരങ്ങൾ പരിശീലനം നേടി വരുന്നുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് & ലോഡ്ജിംഗ് ഇനത്തിൽ ഡിസംബർ മാസം വരെയുള്ള തുക അനുവദിക്കുന്നതിന് 16.01.2023ലെ സ.ഉ(സാധാ)നം.33/2023/കാ.യു.വ നമ്പർ ഉത്തരവ് പ്രകാരം തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കായികതാരങ്ങൾക്ക് ഭക്ഷണ അലവൻസ് 2022 സെപ്റ്റംബർ മാസം വരെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത അക്കാഡമികളിലെ കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ നിലവിൽ വിതരണം ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ